**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **23-07-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ മാത്യു ടി. തോമസ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | താരതമ്യേന തൊഴിൽ അവസരങ്ങൾ കുറവായിരുന്ന വനമേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ലോക്ഡൗണിൽ തൊഴിൽ അവസരങ്ങൾ ഇല്ലാതെയായതിനാൽ പരമാവധി പുതിയ തൊഴിൽ സാധ്യതകൾ ആവിഷ്കരിക്കാൻ വനം വകുപ്പ് പരിഗണിക്കുന്ന പദ്ധതികൾ വിശദമാക്കുമോ ; | (എ) | ലോക് ഡൗൺ കാലയളവിൽ വനം വകുപ്പിന്റെ ഫീൽഡ് വിഭാഗത്തിനെ അവശ്യസർവ്വീസായി പ്രഖ്യാപിച്ചതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് തടസ്സം വരാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. വനം പ്രവർത്തികളുമായി ബന്ധപ്പെട്ട് സമയബന്ധിതമായി നടപ്പാക്കേണ്ട പ്രവർത്തികൾ എല്ലാം തന്നെ യഥാസമയം നടത്തുവാൻ നടപടി സ്വീകരിച്ചിരുന്നു. വനമേഖലയോട് ചേർന്ന് താമസിക്കുന്ന ആൾക്കാർക്ക് പരമാവധി തൊഴിൽ ഉറപ്പാക്കുന്നതിനായി വനം വകുപ്പിലെ വനം പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള കോൺട്രാക്റ്റർ സിസ്റ്റത്തിനായുള്ള സർക്കാർ ഉത്തരവിൽ വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾക്ക് കൂടി തൊഴിൽ ലഭിക്കുന്ന രീതിയിൽ വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പരിസ്ഥിതി പുന:സ്ഥാപനം (ഇക്കോ റെസ്റ്റോറേഷൻ) പ്രവർത്തികൾ ഊർജ്ജിതമായി നടപ്പിലാക്കുവാൻ വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിച്ച് വരികയാണ്. ഇത്തരം പരിസ്ഥിതി പുന:സ്ഥാപന പദ്ധതികൾ നടപ്പിലാക്കുമ്പോൾ തദ്ദേശീയരായ ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഇതിന്റെ ഭാഗമായി നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ചെമ്പിക്കുന്നിൽ പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു. 2022-23 ലേയ്ക്കുള്ള നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിലേയ്ക്കായി ഇത്തരത്തിൽ 7 പരിസ്ഥിതി പുന:സ്ഥാപന പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | ആയത് പരിഗണനയിലുമാണ്. ഇതുവഴി തദ്ദേശീയ വാസികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുവാൻ കഴിയും. വനം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ കോവിഡ് കാലയളവിൽ അടച്ചിടേണ്ടിവന്ന സാഹചര്യത്തിൽ തദ്ദേശീയരായ ജനവിഭാഗത്തിന് നഷ്ടപ്പെട്ട തൊഴിൽ അവസരങ്ങൾ ടി ഇക്കോടൂറിസം സെൻററുകൾ തുറക്കുന്ന മുറയ്ക്ക് കൂടുതൽ ഊർജ്ജിതമായി നടത്തി തൊഴിൽ അവസരങ്ങൾ പുന:സ്ഥാപിക്കുവാൻ സാധിക്കും. ലോക്ക് ഡൗൺ സമയത്ത് സർക്കാർ തടി ഡിപ്പോകളിൽ ലേലവും അനുബന്ധ നടപടികളും ഒരു ചെറിയ കാലയളവിൽ പ്രവർത്തിക്കാത്തതുമൂലം തൊഴിൽ അവസരങ്ങൾ നഷ്ടപ്പെട്ട സാഹചര്യം ഉണ്ടായിരുന്നു എങ്കിലും നിലവിൽ ഇത് ഏറക്കുറെ പരിഹരിച്ചിട്ടുണ്ട്. |
| (ബി) | വന സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രാദേശിക തൊഴിൽ അവസരങ്ങൾ കൂടുതലായി കണ്ടെത്തുന്നതിനും അവ അതത് പ്രദേശത്തെ തൊഴിലാളി കുടുംബങ്ങളും വനാശ്രിത ഗോത്ര സമിതികളും ഉൾപ്പെടുന്ന വനസംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്നതിനും കൂടുതൽ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വനമേഖലകളിൽ നടപ്പിലാക്കി വരുന്ന പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിലെ കുടുംബങ്ങളിൽപ്പെട്ടവർ അംഗങ്ങളായ വന സംരക്ഷണ സമിതികൾ (VSS)/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ (EDC) എന്നിവ വഴിയാണ് നടപ്പിലാക്കി വരുന്നത്. ഇത്തരത്തിൽ പങ്കാളിത്ത വനപരിപാലന തത്വത്തിൻ കീഴിൽ നടപ്പാക്കി വരുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM), Minimum Support Price for Minor Forest Produce (MSP for MFP), വൻ ധൻ വികാസ് കേന്ദ്ര (VDVK), ഇക്കോടൂറിസം, വനശ്രീ എന്നീ പദ്ധതികളുടെ നടത്തിപ്പിലെ പങ്കാളിത്തത്തിലൂടെ വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നു. ഇത് അവരുടെ വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഉതകുന്നു. എല്ലാ ഇക്കോടൂറിസം പദ്ധതികളിലുമായി ഏകദേശം 1130-ഓളം VSS / EDC അംഗങ്ങളെ പ്രതിദിനം ഗൈഡുകളായി നിയോഗിക്കാറുണ്ട്. എല്ലാവർക്കും പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് ഗൈഡുകളായി നിയോഗിക്കാറുള്ളത്. വനശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഏകദേശം ആയിരത്തോളം പേർക്ക് നേരിട്ടും ഏകദേശം അയ്യായിരത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. കൂടാതെ, സംസ്ഥാനത്ത് നടക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ 50 ശതമാനവും നടപ്പാക്കുന്നത് VSS / EDC വഴിയാണ്. ഇത്തരത്തിൽ വിവിധ പങ്കാളിത്ത പദ്ധതി പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിന്റെ പൂർണ്ണമായ പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുക വഴി കൂടുതൽ തൊഴിലവസരങ്ങൾ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുവാൻ സഹായകരമാവുകയും ചെയ്യുന്നു. |
| (സി) | വനസംരക്ഷണ സമിതികൾ മുഖേന ജോലി ചെയ്ത തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രാപ്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | പങ്കാളിത്ത വനപരിപാലനത്തിനു കീഴിൽ വനസംരക്ഷണ സമിതികൾ (VSS) / ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ (EDC) വഴി നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും ബന്ധപ്പെട്ട വനവികസന ഏജൻസികളുടെ പരിശോധനകൾക്കും മാർഗ്ഗനിർദ്ദേ ശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായാണ് നടപ്പിലാക്കി വരുന്നത്. പങ്കാളിത്ത വനപരിപാലനത്തിനു കീഴിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികളിലും വന സംരക്ഷണ സമിതി (VSS) / ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റി (EDC) അംഗങ്ങൾക്ക് നിലവിൽ മെച്ചപ്പെട്ട വേതനമാണ് നൽകി വരുന്നത്. കൂടാതെ കാലാകാലങ്ങളിൽ തൊഴിൽ വകുപ്പ് നിഷ്കർഷിക്കുന്ന നിരക്കിലുള്ള വേതനമാണ് ഗ്രീൻ ഇന്ത്യ മിഷൻ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലൂടെ നൽകി വരുന്നത്. VSS / EDC അംഗങ്ങൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നുവെന്നുൾപ്പെടെയുള്ള കാര്യങ്ങൾ റെയിഞ്ച്, ഡിവിഷൻ, സർക്കിൾ തലങ്ങളിൽ പ്രതിമാസ അവലോകന യോഗങ്ങളിൽ വിലയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ